**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** | **21-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽ കുമാർ,<br>ശ്രീ . മുല്ലക്കര രത്നാകരൻ ,<br>ശ്രീമതി ഗീതാ ഗോപി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും സംസ്ഥാന ഖജനാവ് വിപുലമാക്കുന്നതിനും എന്തൊക്കെ ബദലുകളാണ് സർക്കാരിന്റെ മുന്നിലുള്ളതെന്നറിയിക്കുമോ; | (എ) | 2021-22-ൽ വരവും ചെലവും മുന്വർഷപത്തെ അപേക്ഷിച്ച് ഗണ്യമായി ഉയർത്തിയും നുടപ്പ വർഷം അനുവദിച്ച വായ്പയുടെ ഒരു ഭാഗം അടുത്ത സാമ്പത്തിക വർഷത്തേക്ക് നീക്കിവച്ചും സംസ്ഥാനത്തിന്റെ റവന്യൂക്കമ്മിയും ധനക്കമ്മിയും 2021-22-ൽ യഥാക്രമം 1.93, 3.5 ശതമാനക്കണക്കിൽ പരിമിതപ്പെടുത്തുകയും തുടർന്നുള്ള വർഷങ്ങളിൽ ധനകമ്മി 3 ശതമാനമായി താഴ്ത്തിക്കൊണ്ടു വരാനും റവന്യൂ വരുമാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള ഇടക്കാല ധനനയ രേഖയാണ് ഈ സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്. വിജ്ഞാന സാന്ദ്രമായ വ്യവസായങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിലേക്ക് കേരളത്തെ വിജ്ഞാന സമൂഹമായി പരിവർത്തനം ചെയ്യുകയും അതു വഴി എല്ലാവർക്കും ക്ഷേമവും തൊഴിലും ഉറപ്പ വരുത്തുക എന്നുള്ളതുമാണ് ഈ സർക്കാരിന്റെ ബദൽ നയം. |
| (ബി) | സംസ്ഥാന വികസനത്തിൽ മുഖ്യമായ ഉല്പാദന മേഖലയിലെ പശ്ചാത്തലസൗകര്യ വികസനത്തിന് മുന്നോടിയായ മൂലധനനിക്ഷേപത്തിന് സർക്കാരിന്റെ വരുമാനത്തിൽ നിന്ന് ചെലവ് കഴിച്ചുള്ള തുക പര്യാപ്തമാണോ; | (ബി) | വലിയ തോതിലുള്ള ക്ഷേമ ചെലവുകൾക്ക് ശേഷം പശ്ചാത്തല സൗകര്യ വികസനത്തിന് മതിയായ പണം ഉണ്ടാവില്ല. ഈ സാഹചര്യത്തിൽ ബഡ്ജറ്റിന് പുറത്ത് ധനകാര്യ സ്ഥാപനങ്ങൾ വഴി വിഭവ സമാഹരണം നടത്തിക്കൊണ്ട് മാത്രമേ മൂലധന നിക്ഷേപത്തിൽ കുതിപ്പ് ഉറപ്പ വരുത്താനാകൂ. |
| (സി) | സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ നേരിട്ട് കടമെടുക്കുന്നതിനുള്ള പരിമിതികൾ എന്തെല്ലാമെന്നറിയിക്കുമോ; | (സി) | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം |

| | | | |
|---|---|---|---|
| | | | കടമെടുക്കുന്നത്. കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ GSDP യുടെ 3 ശതമാനം വായ്പാ പരിധിക്കു പുറമേ 2ശതമാനം അധിക വായ്പയെടുക്കാൻ ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഒരു ശതമാനം ഉപാധികളില്ലാതെയും ശേഷിക്കുന്ന ഒരു ശതമാനം താഴെപ്പറയുന്ന ഉപാധികൾക്ക് വിധേയമായിട്ടുമാണ്. (i) 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ. (ii) ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരം നടപ്പിലാക്കൽ. (iii) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരം നടപ്പിലാക്കൽ . (iv) ഊർജ്ജമേഖലയിലെ പരിഷ്കാരം നടപ്പിലാക്കൽ. മേൽപ്പറഞ്ഞവയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരമൊഴികെയുള്ള മൂന്ന് പരിഷ്കാരങ്ങളും സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2021 ഫെബ്രുവരി 15 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന തിനുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥയും സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനും കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതം ഒരു പരിധി വരെ മറികടക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അധിക വായ്പ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. |
| (ഡി) | സംസ്ഥാന ഖജനാവിന്റെ ശുഷ്കമായ സാമ്പത്തിക പിൻബലത്തിൽ ഉയർന്ന തോതിലുള്ള മൂലധനനിക്ഷേപം സാധ്യമല്ലാത്തതിനാൽ കിഫ്ബിയുടെ പ്രസക്തി എത്രയധികമാണ് എന്നറിയിക്കുമോ? | (ഡി) | സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ധനസമാഹരണം ബഡ്ജറ്റിനു പുറമേ നിന്നും കണ്ടെത്തുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൻ കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. കേരള സമ്പദ്ഘടനയിലും സമൂഹത്തിലും കിഫ്ബി വലിയ ചലനമാണ് സൃഷ്ടിച്ചിട്ടുള്ളത്. 821 പ്രോജക്ടുകളിലായി 40100 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിന് പുറമേ വ്യവസായ പാർക്കുകൾക്കും ഭൂമി ഏറ്റെടുക്കുന്നതിനും മറ്റും 20,000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 19,500 കോടി രൂപയുടെ പ്രോജക്ടുകൾ ടെണ്ടർ |

| | | | |
|---|---|---|---|
| | | | വിളിക്കുകയോ നിർവ്വഹണ ഘട്ടത്തിലേക്ക് പ്രവേശിക്കുകയോ ചെയ്തിട്ടുണ്ട്. 2021-22-ൽ 15000 കോടി രൂപയുടെയെങ്കിലും കിഫ്ബി പ്രോജക്ടുകൾ പൂർത്തിയാകും. സാധാരണ ഗതിയിൽ 15-20 വർഷം കൊണ്ടേ ബഡ്ജറ്റിൽ പണം കണ്ടെത്തി മേൽപ്പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കാനാകൂ. ഇവയുടെ ഗുണഫലം കിട്ടാൻ അത്രയും നാൾ കാത്തിരിക്കണം. ഇവയുടെ നിർമ്മാണച്ചെലവുകളും പലമടങ്ങ് വർദ്ധിക്കും. അതുകൊണ്ട് കിഫ്ബി വഴി ഈ പ്രോജക്ടുകളെല്ലാം ഉടനടി നടപ്പാക്കുകയാണ് അഭികാമ്യം. |

സെക്ഷൻ ഓഫീസർ